(സി) മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യതൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതിനായുള്ള പദ്ധതികളൊന്നും നിലവിലില്ല.

(ബി) ബാധകമല്ല.

(സി) മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനായി സംസ്ഥാനത്ത് 9 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

12 (2703) ഉൾനാടൻ മൽസ്യബന്ധനം

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി.ടി. അഹമ്മദ്അലി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി സദയം നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മൽസ്യബന്ധനം വഴി 1998-99 വർഷം ലഭിച്ച മൽസ്യം എത്ര ടൺ ആയിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇത് 1997-98-ൽ ലഭിച്ചതിനേക്കാൾ എത്ര ടൺ കൂടുതലാണ്;

(സി) ഇതുമൂലം 1998-99 വർഷം ലഭിച്ച അധിക വരുമാനം എത്രയായിരുന്നു?

ഉത്തരം

(എ) 1998-99-ൽ 232 കോടി രൂപ വിലയ്ക്കുള്ള 65,855 ടൺ മൽസ്യം ലഭിച്ചു.

(ബി) 58,215 ടൺ കൂടുതൽ.

(സി) 195 കോടി രൂപ.

13 (2704) ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലതാമസം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഇല്ല. മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ആനുകൂല്യങ്ങൾ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ഉൾനാടൻ മൽസ്യത്തൊഴിലാളികളെന്നോ, കടലോര മൽസ്യത്തൊഴിലാളികളെന്നോ വേർതിരിവ് ഇല്ലാതെ അർഹതപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് നൽകിവരുന്നുണ്ട്.

14 (2705) ഫിഷറീസ് റോഡുകൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് ഈ സാമ്പത്തിക വർഷം, എത്ര റോഡുകൾക്ക് ആണ് അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എത്ര കോടി രൂപയാണ് ഇതിനായി ചെലവാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതി മുഖേന 1996 മുതൽ 2000 വരെയുള്ള നാലു വർഷം കൊണ്ട് നിർമ്മിക്കേണ്ട റോഡുകളിൽ 116 റോഡുകൾ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്. ബാക്കി റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ വർഷത്തെ റോഡുപണിയുൾപ്പെടെ പത്താം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിക്കായി മൊത്തം 13 കോടി രൂപ ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്.

15 (2706) കോരപ്പുഴ അഴിമുഖത്ത് നിക്ഷേപിച്ച മൽസ്യ കുഞ്ഞുങ്ങൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖത്ത് കഴിഞ്ഞ സാമ്പത്തികവർഷം എത്ര രൂപയുടെ മൽസ്യ കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിരുന്നത്;

(ബി) അവിടെ നിക്ഷേപിച്ച മൽസ്യക്കുഞ്ഞുങ്ങളിൽനിന്നും എത്ര വരുമാനമുണ്ടായെന്ന് മോണിറ്ററിംഗ് നടന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) ഈ സാമ്പത്തികവർഷം കോരപ്പുഴ അഴിമുഖത്തിന് പുറമേ മൂരാട് അഴിമുഖത്തും പ്രസ്തുത പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) 53,832 രൂപയുടെ മൽസ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly